കോ–ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ 2/2023 06.01.2023

# ജീവനക്കാർ ജാഗ്രതൈ

All banks are eventually been privatised (ടി.വി സോമനാഥൻ അദ്ദേഹം ഫിനാൻസ് സെക്രട്ടറിയായിരിക്കെ ഇന്ത്യാ പോളിസി ഫോറം 2021 ൽ ആണ് ഗവണ്മെന്റിന്റെ നയം വ്യക്തമാക്കിയത് )

All banks, excepting SBI for the present, should be privatised (അരവിന്ദ് പനഗരിയ നീതി ആയോഗിന്റെ മുൻ വൈസ് ചെയർമാനായ ഇദ്ദേഹം 2022 ജൂലൈയിൽ ഇന്ത്യാ പോളിസി ഫോറത്തിൽ അവതരിപ്പിച്ച പ്രബന്ധത്തിലാണ് ഈ നിർദ്ദേശം മുന്നോട്ടു വെക്കുന്നത്. ജീവനക്കാരെ എയർ ഇന്ത്യാ മാതൃകയിൽ പുറത്തേക്ക് വിടണമെന്നും അദ്ദേഹം നിർദ്ദേശിക്കുന്നു)

Government has no business to be in business (നരേന്ദ്ര മോഡി ദിപം – Department of Investment and Public Asset Management, സ്വകാര്യവൽക്കരണത്തെ കുറച്ചു നടത്തിയ വെബിനാറിലാണ് പ്രധാനമന്ത്രി നയം അസന്നിഗ്ദമായി വ്യക്തമാക്കിയത്)

ഇന്ത്യയുടെ ഭരണ കർത്താക്കളും അവർക്ക് ഉപദേശം നൽകുന്ന 'പണ്ഡിതരും' പ്രകടിപ്പിച്ച ഈ അഭിപ്രായങ്ങൾ നമ്മുടെ പൊതു മേഖല എങ്ങോട്ടാണ് നീങ്ങുന്നത് എന്നതിന്റെ വ്യക്തമായ സൂചനയാണ് നൽകുന്നത്. ഈ നയത്തിന്റെ അടിസ്ഥാനത്തിലാണ് പൊതുമേഖലാ ബാങ്കുകളെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള എല്ലാ നീക്കങ്ങളും നടക്കുന്നത്. ഇന്ത്യയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന 27 പൊതുമേഖലാ ബാങ്കുകളെ ലയിപ്പിച്ച് 12 എണ്ണമാക്കി കുറച്ചതും ഈ നയത്തിന്റെ ഭാഗമായാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഒഴികെ എല്ലാ ബാങ്കുകളും സ്വകാര്യവൽക്കരിക്കണം എന്നു നിർദ്ദേശിക്കുന്ന പൂനം ഗുപ്തയും അരവിന്ദ് പനാഗരിയയും അതിന് കാരണമായി അവതരിപ്പിക്കുന്നത് 'പൊതുമേഖലാ ബാങ്കുകളുടെ മോശം പ്രവർത്തനവും സ്വകാര്യമേഖലാ ബാങ്കുകളുടെ തിളങ്ങുന്ന പ്രവർത്തനവും' ആണ്. ഗ്ലോബൽ ട്രസ്റ്റ് ബാങ്ക് ഉൾപ്പെടെയുള്ള സ്വകാര്യ ബാങ്കുകൾ തകർന്നടിഞ്ഞു പോയതിനെക്കുറിച്ച് ഈ പണ്ഡിതർ നിശബ്ദരാണ്. ജീവനക്കാരുടെ സ്ഥിരം സ്വഭാവമുള്ള ഗംഭീര ശമ്പളം കിട്ടുന്ന ജോലിയാണ് ഈ കുഴപ്പങ്ങളുടെയെല്ലാം ആണിക്കല്ല് എന്ന് ഇവർ കണ്ടെത്തുന്നു. ആയതിനാൽ ബാങ്കുകൾ സ്വകാര്യവൽക്കരിക്കുമ്പോൾ സ്ഥിരം സ്വഭാവമുള്ള ജോലികൾ അവസാനിപ്പിക്കണമെന്നും നിലവിലുള്ള സ്ഥിരം ജീവനക്കാരെ ഒരു കൊല്ലം കൂടി മാത്രം നിലനിർത്താം എന്നും ഈ പണ്ഡിതർ നിർദ്ദേശിക്കുന്നു.

ഈ നിർദ്ദേശങ്ങളൊന്നും ഔദ്യോഗികമായി പ്രാബല്യത്തിൽ വന്നിട്ടില്ലെങ്കിലും പല ബാങ്കുകളും ഈ ദിശയിലുള്ള പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ക്ലറിക്കൽ കാഡറിൽ കരാർ നിയമനത്തിന് ആരംഭം കുറിക്കുന്ന SBI മാനേജ്മെന്റ്, കേരളത്തിലെ നിലവിലുള്ള 1200 ക്ലറിക്കൽ ജീവനക്കാരുടെ Transaction power മുഴുവൻ എടുത്തു കളയുകയും അവരെ മാർക്കറ്റിംഗിന് അയക്കുകയും ചെയ്യുകയാണ്.

ഈ പശ്ചാത്തലത്തിൽ വേണം ഗ്രാമീണ ബാങ്കുകൾക്കെതിരെ നടക്കുന്ന കുൽസിത നീക്കങ്ങളേയും കാണാൻ. ഗ്രാമീണ ബാങ്കുകൾ തകരാൻ പോവുകയാണ് എന്ന വാർത്ത ബിസിനസ്സ് സ്റ്റാൻഡേർഡ് പോലെ ഒരു പത്രം വളരെ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചത് നിരുപദ്രവകരമല്ല. ഗ്രാമീണ ബാങ്കുകളുടേയും പൊതുമേഖലാ സ്വഭാവം ഇല്ലാതാക്കി അവയേയും സ്വകാര്യവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെയുള്ള വാർത്തയാണ് ഇത്. ഗ്രാമീണ ബാങ്കുകളെക്കുറിച്ച് ഇതുവരെ നടന്ന ഔദ്യോഗിക പഠനങ്ങളെല്ലാം ഈ സാമ്പത്തിക സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ പുകഴ്ത്തുക മാത്രമാണ് ചെയ്തത്. കേന്ദ്ര, സംസ്ഥാന ഗവൺമെൻറുകൾ നടത്തുന്ന ദാരിദ്ര്യ നിർമാർജ്ജന പ്രവർത്തനങ്ങളിൽ ഏറ്റവും നന്നായി ഇടപെടുന്നത് ഗ്രാമീണ ബാങ്കുകൾ ആണ്. പൊതുമേഖലാ ബാങ്കുകൾക്ക് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ ഏഴ് ലക്ഷം കോടി രൂപയുടെ അധിക മൂലധനം ഗവൺമെന്റ് നൽകിയപ്പോൾ കേവലം പതിനായിരം കോടി രൂപയുടെ മൂലധനം മാത്രമാണ് ഗ്രാമീണ ബാങ്കുകൾക്ക് നൽകിയത്.

ഇക്കാര്യങ്ങളാകെ വിരൽ ചൂണ്ടുന്നത് ഗ്രാമീണ ബാങ്കുകളെ പൊതുമേഖലയിൽ നിലനിർത്തുന്നതിന് ശക്തമായ ജനകീയ പ്രതിരോധം ആവശ്യമാണ് എന്നതാണ്. ഇതിനായുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ജനപ്രതിനിധികളെ നേരിട്ട് കാണാനും അവരെ ഈ വിഷയം ബോധ്യപ്പെടുത്താനുമുള്ള പ്രവർത്തനമാണ് AIRRBEA യുടെ നേതൃത്വത്തിൽ ഡിസംബർ 20 മുതൽ 22 വരെ ഡൽഹിയിൽ നടന്നത്. പാർലമെന്റ് അംഗങ്ങളെ കണ്ടതിന്റെ വിശദാംശങ്ങൾ അടുത്ത സർക്കുലറിൽ പ്രതിപാദിക്കാം.

മൊത്തം പൊതുമേഖലാ ബാങ്കുകൾക്ക് നേരെ പൊതുവിലും ഗ്രാമീണ ബാങ്കുകൾക്ക് നേരെ പ്രത്യേകിച്ചും മൂലധനശക്തികൾ ആക്രമണം അഴിച്ചു വിടുന്ന പശ്ചാത്തലത്തിൽ ഗ്രാമീണ ജനതയുടെ അത്താണിയായ ഗ്രാമീണ ബാങ്കുകളെ പൊതുമേഖലയിൽ സംരക്ഷിക്കുന്നതിനായുള്ള വലിയ പോരാട്ടം ഏറ്റെടുക്കേണ്ടതുണ്ട്.

ഗ്രാമീണ ബാങ്കുകൾക്ക് നേരെ ഇത്രയും വിഷലിപ്തമായ പ്രചരണം ഒരു മാധ്യമത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായപ്പോൾ ഈ മേഖലയിൽ പ്രവർത്തിക്കുന്ന AIRRBEA യും ബാങ്ക് ജീവനക്കാരുടെ കേന്ദ്ര സംഘടനയായ BEFI യും ഒഴികെയുള്ള എല്ലാ സംഘടനകളും കുറ്റകരമായ മൗനത്തിലായിരുന്നു എന്നത് ആ സംഘടനകളിലെ അംഗങ്ങൾ പരിശോധിക്കേണ്ടതാണ്. ബിസിനസ്സ് സ്റ്റാൻഡേർഡിന്റെ എഡിറ്റർക്ക് കത്ത് നൽകി കൊണ്ട് AIRRBEA പ്രതിഷേധം അറിയിക്കുകയും തിരുത്ത് കൊടുക്കണം എന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**NB: ഇത്രയും ഗുരുതരമായ വിഷയങ്ങൾ ജീവനക്കാർ എന്ന നിലയിലും പൊതുമേഖലാ സ്ഥാപനം എന്ന നിലയിലും നാം അഭിമുഖീകരിക്കുമ്പോൾ ജീവനക്കാരെയും സ്ഥാപനത്തെയും സംരക്ഷിക്കുന്നതിന് പകരം, ഒരു സംഘടന, ജാതിയുടെയും മതത്തിന്റെയും വാലും നോക്കി മെമ്പർഷിപ്പ് ചാക്കിട്ട് പിടിക്കാനാണ് നോക്കുന്നത്. ശബരിമലയുടെ ഫോട്ടോ fb യിൽ പോസ്റ്റ് ചെയ്ത സുഹൃത്തിന് ഉടൻ call വരികയാണ്, 'നമ്മൾ ഒരുമിച്ച് നിൽക്കേണ്ടവരാണ്' എന്ന് പറഞ്ഞു കൊണ്ട്. നെറ്റിയിൽ കുറി ഇട്ടവർക്കും കൈയിൽ ചരട് കെട്ടിയവർക്കും ശല്യമാകുന്ന നിലയിൽ നിരന്തരമായ ഫോൺവിളികളാണ് വരുന്നത്. ട്രേഡ് യൂണിയന്റെ യഥാർത്ഥ കർത്തവ്യം എന്തെന്ന് അറിയാത്ത ഇത്തരക്കാരോട് മഹാഭൂരിപക്ഷം വരുന്ന ജീവനക്കാരും അയിത്തം കൽപ്പിക്കുന്നു എന്നത് മഹത്തായ കാര്യമാണ്. കോൺസെൻട്രേഷൻ ക്യാമ്പിലേക്കുള്ള യാത്രയിൽ സൈഡ് സീറ്റിന് വേണ്ടി അടികൂടുന്ന ഇത്തരക്കാരെ ഒറ്റപ്പെടുത്തിയില്ലെങ്കിൽ നാമെല്ലാം വെന്തുമരിച്ചേക്കാം**

**അഭിവാദനങ്ങളോടെ,**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**അനൂപ് ടി.ജി**
ജനറൽ സെക്രട്ടറി
KGBOU, 9447383184

karline29.deviantart